(ബി) ഈ പദ്ധതിയനുസരിച്ച് അരി വിതരണം നടത്തുന്നതിന് എത്ര ടൺ അരി പ്രതിമാസം ആവശ്യമുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതിയനുസരിച്ച് വിതരണം ചെയ്യേണ്ട അരി പൂർണ്ണമായും കേന്ദ്രം നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) അന്ത്യോദയ പദ്ധതിയിൽ കൂടുതൽ കുടുംബങ്ങളെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) അന്ത്യോദയ പദ്ധതിയനുസരിച്ച് വിതരണം ചെയ്യുന്ന അരിയുടെ ഗുണമേന്മ ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ ?

ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ) :

(എ) ഉണ്ട്. 271575 കുടുംബങ്ങൾ.

(ബി) പ്രതിമാസം 9505.125 മെട്രിക് ടൺ അരി ആവശ്യമുണ്ട്.

(സി) നൽകുന്നുണ്ട്.

(ഡി) ഉണ്ട്. രണ്ട് ലക്ഷത്തോളം കുടുംബങ്ങളെ അധികമായി ചേർക്കുന്നതാണ്. താഴെ പറയുന്ന മൂന്ന് മുൻഗണനാ വിഭാഗങ്ങളെ കൂടുതലായി ചേർക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

1. നിരാശ്രയരും നിശ്ചിതമായ ഉപജീവനമാർഗ്ഗം ഇല്ലാത്തവരുമായ വിധവകൾ, മാരകരോഗ ബാധിതരായിട്ടുള്ളവർ, അംഗവൈകല്യം സംഭവിച്ചവർ, 60 വയസ്സോ അതിനുമുകളിലോ പ്രായമുള്ള വ്യക്തികൾ എന്നിവർ നാഥൻ/നാഥയായിട്ടുള്ള കുടുംബങ്ങൾ.
2. നിരാശ്രയരും നിശ്ചിത വരുമാനമില്ലാത്തവരും കുടുംബമില്ലാത്തവരുമായ വിധവകൾ, മാരകമായ രോഗ ബാധിതരായിട്ടുള്ളവർ, അംഗ വൈകല്യം സംഭവിച്ചവർ, ഏകൻ/ഏകയായ പുരുഷനോ സ്ത്രീയോ 60 വയസ്സോ അതിനു മുകളിലോ പ്രായമുള്ളവർ.
3. ആദിമ ഗോത്രവർഗ്ഗ കുടുംബങ്ങൾ.

(ഇ) ഗുണമേന്മയുള്ള അരിയാണ് വിതരണം ചെയ്തു വരുന്നത്.

നിലവിലുള്ള പെൻഷൻ പദ്ധതിയിൽ മാറ്റം വരുത്താനുള്ള തീരുമാനം

18 (*373) ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസിൽ നിന്ന് വിരമിക്കുന്ന ഗവൺമെന്റ് ജീവനക്കാർക്ക് നിലവിലുള്ള പെൻഷൻ പദ്ധതിയിൽ മാറ്റം വരുത്താൻ ആലോചിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനുപകരം ഏർപ്പെടുത്തുന്ന പദ്ധതി എന്താണ് ;

(സി) അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) :

(എ&ബി) 16-1-2002-ലെ സർക്കാർ ഉത്തരവ് (പി)56/02/ധന ഉത്തരവിലെ ഖണ്ഡിക 16 പ്രകാരം പുതുതായി സർക്കാർ സർവ്വീസിലും/പെൻഷൻ പദ്ധതി നിലവിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിലും ജോലിയിൽ പ്രവേശിക്കുന്നവർക്ക് കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീം നടപ്പിലാക്കുവാൻ നയപരമായി തീരുമാനമെടുത്തിട്ടുണ്ട്. അതിന് മുമ്പേ സർവ്വീസിൽ ഉണ്ടായിരുന്നവർക്ക് നിലവിലുള്ള പെൻഷൻ പദ്ധതിയിൽ മാറ്റം വരുത്തുവാൻ ആലോചിക്കുന്നില്ല.

(സി) കേന്ദ്രസർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയുടെ വിശദാംശങ്ങൾ അറിഞ്ഞശേഷം ഒരു തീരുമാനം എടുക്കുവാൻ ഉദ്ദേശിക്കുന്നു.

ആദിവാസികൾക്ക് വനം കയ്യേറ്റക്കാരിൽനിന്നും സംരക്ഷണം

19 (*374) പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. എം. മുരളി :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനത്തിൽ കയ്യേറ്റം നടത്തുകയോ വനസമ്പത്ത് അനധികൃതമായി നശിപ്പിക്കുകയോ ചെയ്യുന്നവരെപ്പറ്റി വിശദവിവരം നൽകുന്ന ആദിവാസികൾക്ക് ഏതെല്ലാം വിധത്തിലുള്ള സംരക്ഷണം നിലവിൽ നൽകുന്നുണ്ട് ;

(ബി) ഇത്തരത്തിലുള്ള വിവരം നൽകുന്നവരെ കയ്യേറ്റക്കാർ ക്രൂരമായി മർദ്ദിച്ചാൽപോലും അവർക്ക് വേണ്ടത്ര സംരക്ഷണം നൽകാത്ത അവസ്ഥ നിലവിലുണ്ടോ ;

(സി) ഇത് സംബന്ധിച്ച ആദിവാസികളുടെ പരാതികൾക്ക് അടിയന്തിര പരിഹാരം ഉണ്ടാക്കുമോ ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) :

(എ) ഇത്തരം വിവരം നൽകുന്ന ആദിവാസികളുടെ പേരുവിവരം അതീവരഹസ്യമായി സൂക്ഷിക്കുകയും പോലീസ് സംരക്ഷണം ആവശ്യമെന്നു കാണുന്ന സന്ദർഭങ്ങളിൽ ഇവർക്ക് പോലീസ് സംരക്ഷണം നൽകുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly